# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2614** **10.12.2014 ൽ മറുപടിക്ക്**

### പഴയങ്ങാടി താലൂക്ക് ആശുപത്രി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ടി.വി.രാജേഷ് | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിലെ പഴയങ്ങാടി താലൂക്ക് ആശുപത്രിയിൽ എത്ര ജീവനക്കാരുടെ ഒഴിവുകളാണ് നിലവിലുള്ളത്; ഒഴിവുകൾ നികത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) പഴയങ്ങാടി താലൂക്ക് ആശുപത്രിയിൽ 4 അസിസ്റ്റന്റ് സർജൻമാരുടെയും, അനസ്തേഷ്യ, ജനറൽ മെഡിസിൻ, സർജറി, ഗൈനക്കോളജി എന്നീ വിഭാഗങ്ങളിൽ ഓരോ ജൂനിയർ കൺസൾട്ടന്റ് മാരുടെയും ഒഴിവുകളാണ് നിലവിലുള്ളത്. അസിസ്റ്റന്റ് സർജൻമാരുടെ നിലവിലുള്ള ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സിയിൽ നിന്നും നിയമന ശുപാർശ ലഭിക്കുന്നമുറയ്ക്ക് നിയമന ഉത്തരവ് നല്കുന്നതാണ്. സർവ്വീസിൽ പി.ജി.ബിരുദമുള്ള ഡോക്ടർമാരിൽ നിന്നും ഓപ്ഷൻ സ്വീകരിച്ച് സ്പെഷ്യാലിറ്റി കേഡറിലെ ജൂനിയർ കൺസൾട്ടന്റ് തസ്തികയിലേക്ക് പ്ലേസ്മെന്റ് നല്കി ജൂനിയർ കൺസൾട്ടന്റ് തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. പ്രസ്തുത ആശുപത്രി യിലെ പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിലേക്കായി അഡ്ഹോക്ക് വ്യവസ്ഥയിൽ അനസ്തേഷ്യ, മെഡിസിൻ, സർജറി വിഭാഗത്തിൽ ഡോക്ടർമാരെ നിയമിച്ച് സേവനം ഉറപ്പുവരുത്തി യിട്ടുണ്ട്. |
| (ബി) പ്രസ്തുത താലൂക്ക് ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിന് സൂപ്രണ്ടിന്റെ തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) സൂപ്രണ്ടിന്റെ തസ്തിക സൃഷ്ടിക്കുന്നതിനുള്ള ശുപാർശ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കാവുന്നതാണ്. |
| (സി) പ്രസ്തുത ആശുപത്രിയിൽ മരുന്ന് സൂക്ഷിക്കുന്നതിന് എയർ കണ്ടീഷണർ ഉൾപ്പെടെയുള്ള അടിസ്ഥാനസൗകര്യ വികസ നത്തിന് എന്തൊക്കെ നടപടി കളാണ് സ്വീകരിച്ചിട്ടുള്ളത്; | (സി) ആശുപത്രിയിൽ മരുന്ന് സൂക്ഷിക്കുന്നതിന് സ്റ്റോർ റൂമിൽ എച്ച്.എം.സി ഫണ്ട് ഉപയോഗിച്ചുകൊണ്ട് റാക്കുകൾ വാങ്ങി സജ്ജീകരിച്ചിട്ടുണ്ട്. എയർ കണ്ടീഷണർ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യവികസനത്തിന് എച്ച്.എം.സിയുടെ ആഭിമുഖ്യത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| (ഡി) പ്രസ്തുത ആശുപത്രിയിൽ ഒരു ഡയാലിസിസ് സെന്റർ ആരംഭിക്കു ന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) ശുപാർശ ലഭിക്കുന്നമുറയ്ക്ക് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ